ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഓരോ വർഷവും വകയിരുത്തിയിട്ടുള്ള തുക

55 [1577] ഡോ: തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ 2001-02 മുതൽ 2005-06 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും എന്തൊക്കെ ആവശ്യങ്ങൾക്ക് എത്ര രൂപ വീതം വകയിരുത്തിയെന്നും എത്ര രൂപ വീതം ചെലവഴിച്ചുവെന്നും വിശദമാക്കാമോ;

(ബി) കേരളത്തിലെ ഓരോ സർവ്വകലാശാലയും പ്രസ്തുത വർഷങ്ങളിൽ എന്തൊക്കെ ആവശ്യങ്ങൾക്കുവേണ്ടി എന്തു തുക വീതം വകയിരുത്തിയെന്നും എന്തു തുക വീതം ചെലവഴിച്ചുവെന്നും വിശദമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരും ഓരോ സർവ്വകലാശാലകളും 2001-02 മുതൽ 2004-05 വരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ വരുത്തേണ്ടുന്ന മാറ്റങ്ങൾ സംബന്ധിച്ച് ഹ്രസ്വകാല ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകാമോ;

(ഇ) യു.ജി.സി.-യിൽ നിന്ന് 2001-02 മുതൽ 2005-06 വരെ എന്തൊക്കെ ആവശ്യങ്ങൾക്കുവേണ്ടി എത്ര തുക വീതം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാങ്കേതിക വിദ്യാഭ്യാസം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു. ശേഷിച്ച വകുപ്പുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.†

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സാങ്കേതിക വിദ്യാഭ്യാസം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം III(a) ആയി ചേർത്തിരിക്കുന്നു. ശേഷിച്ച വകുപ്പുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.†

(ഡി) ഉണ്ട്. വിശദാംശം അനുബന്ധം III (b) ആയി ചേർത്തിരിക്കുന്നു.†

(ഇ) വിവരം ശേഖരിച്ചുവരുന്നു.

യൂണിവേഴ്സിറ്റി സെനറ്റുകളിൽ അദ്ധ്യാപകർക്ക് പ്രത്യേക പ്രാതിനിധ്യം ഉണ്ടാക്കുന്നതിന് നടപടി

56 [1578] ശ്രീ. എ. സി. മൊയ്തീൻ:
,, പി.സി. ജോർജ്:
,, ടി.പി. രാമകൃഷ്ണൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം III, III (a), III (b)

LIBRARY ARCHIVES Kerala Legislative Assembly

(എ) യൂണിവേഴ്സിറ്റി സെനറ്റിൽ രജിസ്ട്രേഡ് ഗ്രാജുവേറ്റ് മണ്ഡലം ഇല്ലാതായതോടെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സെനറ്റിലും സിൻഡിക്കേറ്റിലും സംവരണ വ്യവസ്ഥയിലൂടെ കടന്നുവരാനുണ്ടായിരുന്ന അവസരം ഇല്ലാതായ സ്ഥിതി ക്ണക്കിലെടുത്ത് ഇവർക്ക് മുൻപുണ്ടായിരുന്ന പ്രാതിനിധ്യം പുനഃസ്ഥാപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) സാങ്കേതികമായി ജൂനിയർ കോളേജുകളും ഇല്ലാതായ സാഹചര്യത്തിൽ ജൂനിയർ കോളേജ് പ്രിൻസിപ്പൽമാരുടെ പ്രതിനിധി എന്ന നിലയിൽ സെനറ്റിലേക്ക് ആരും തിരഞ്ഞെടുക്കപ്പെടാനിടയില്ലാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യൂണിവേഴ്സിറ്റി സെനറ്റുകളിൽ ഗവൺമെന്റ് ആർട്സ് ആൻറ് സയൻസ് കോളേജ് അദ്ധ്യാപകർക്കും പ്രൊഫഷണൽ കോളേജ് അദ്ധ്യാപകർക്കും പ്രത്യേക പ്രാതിനിധ്യം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർവ്വകലാശാലാ സെനറ്റിലും സിൻഡിക്കേറ്റിലും നിയമസഭാ സാമാജികർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ മറ്റ് വിഭാഗങ്ങൾ എന്നീ മണ്ഡലങ്ങളിൽ പട്ടികവിഭാഗ പ്രാതിനിധ്യം നിലവിലുണ്ട്. രജിസ്ട്രേഡ് ബിരുദധാരികളുടെ മണ്ഡലം പൂർണ്ണമായി നിറുത്തലാക്കിയ സ്ഥിതിക്ക് പ്രാതിനിധ്യ സ്വഭാവത്തിൽ കുറവ് വരുന്നില്ല.

(ബി ആൻറ് സി) പ്രിൻസിപ്പൽ, അദ്ധ്യാപകർ എന്നീ വിഭാഗങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുമ്പോൾ സർക്കാർ കോളേജ്, പ്രൊഫഷണൽ കോളേജ് പ്രിൻസിപ്പൽ, അദ്ധ്യാപകർ എന്നിവർക്ക് പ്രത്യേകം പ്രാതിനിധ്യം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്വകാര്യ-സ്വാശ്രയ കോളേജ് പ്രിൻസിപ്പൽ, അദ്ധ്യാപകർ എന്നിവർക്ക് സർവ്വകലാശാല സമിതികളിൽ പ്രാതിനിധ്യം നൽകേണ്ടതുണ്ട്. അതിനായി ബിൽ തയ്യാറാക്കി വരുന്നുണ്ട്. ഈ ഭേദഗതി വരുമ്പോൾ ഇക്കാര്യത്തിൽ കൂടുതൽ വ്യക്തമായ എണ്ണം നിശ്ചയിച്ച് നൽകാൻ കഴിയും.

സാക്ഷരതാമിഷന്റെ തുടർവിദ്യാഭ്യാസ പരിപാടിക്ക് ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി

57 [1579] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ നടന്നുവരുന്ന തുടർവിദ്യാഭ്യാസ പരിപാടിക്ക് ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തുമെന്ന സർക്കാർ പ്രഖ്യാപനം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രാബല്യത്തിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly